# Press Release on the current situation in Afghanistan

August 17, 2021

## അഫ്ഘാനിസ്ഥാനിലെ നിലവിലെ സാചര്യത്തെ കണക്കിലെടുത്തുകൊണ്ടുള്ള പത്ര പ്രസ്താവന

ഓഗസ്റ്റ് 17, 2021

കാബൂളിലെ നിലവിലുള്ള സാഹചര്യം കണക്കിലെടുത്ത്, നമ്മുടെ എംബസി ഉദ്യോഗസ്ഥരെ ഉടൻ ഇന്ത്യയിലേക്ക് മാറ്റാൻ തീരുമാനിച്ചു. ഈ പ്രവർത്തനം രണ്ട് ഘട്ടങ്ങളിലായി പൂർത്തിയായി, അംബാസഡറും ഇന്ത്യയിൽ നിന്നുള്ള മറ്റെല്ലാ ഉദ്യോഗസ്ഥരും ഇന്ന് ഉച്ചയോടെ ന്യൂഡൽഹിയിലെത്തി.

അഫ്ഗാനിസ്ഥാനിലെ സുരക്ഷാ സാഹചര്യങ്ങൾ വഷളായിക്കൊണ്ടിരിക്കുന്നതിനാൽ, അവിടെയുള്ള എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഞങ്ങൾ സമയാനുക്രമമായി യാത്ര, സുരക്ഷാ എന്നിവ സംബന്ധിച്ച ഉപദേശങ്ങളും നൽകി വരുന്നു. അഫ്ഗാനിസ്ഥാനിൽ ഉള്ളവർ ഉടൻ തിരിച്ചു വരുന്നതിനും മറ്റുള്ളവരോട് അവിടേക്കുള്ള യാത്രകൾ മാറ്റിവയ്ക്കാനും നിർദ്ദേശിക്കുകയാണ്. എന്നിരുന്നാലും, നിരവധി ഇന്ത്യക്കാർ അഫ്ഗാനിസ്ഥാനിൽ കുടുങ്ങിക്കിടക്കുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു, അവരിൽ ചിലർ മൂന്നാം രാജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുമാണ്.ഇപ്പോൾ അഫ്ഗാനിസ്ഥാനിൽ ഉള്ള ഇന്ത്യൻ പൗരന്മാരെ കുറിച്ചുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കുക എന്നതിനാണ് ഞങ്ങൾ മുൻഗണന നൽകുന്നത്. പൗരന്മാരോ അല്ലെങ്കിൽ അവരുടെ തൊഴിൽ ദാതാക്കളോ ശരിയായ വിവരങ്ങൾ, വിദേശകാര്യമന്ത്രാലയത്തിന്റെ ഇനിപ്പറയുന്ന സ്പെഷ്യൽ അഫ്ഘാനിസ്ഥാൻ സെല്ലിലേക്ക് അറിയിക്കേണ്ടതാണ്:

**ഫോൺ: +91-11-49016783, +91-11-49016784, +91-11-49016785**
**വാട്സ്ആപ്പ് : +91 80106 11290**
**ഇമെയിൽ: SituationRoom@mea.gov.in**

അഫ്ഗാൻ പൗരന്മാർക്കായി , ഞങ്ങളുടെ വിസ സേവനങ്ങൾ ഒരു ഇ-എമർജൻസി വിസ സൗകര്യം വഴി തുടരുന്നതാണ്, ഇത് അഫ്ഗാൻ പൗരന്മാർക്ക് ലഭ്യമാക്കുന്നതാണ്. ഞങ്ങളുടെ ഇ-വിസ പോർട്ടലായ

https://indianvisaonline.gov.in/evisa/Registration വഴി ഇത് ആക്സസ് ചെയ്യാവുന്നതാണ്. അഫ്ഗാൻ സിഖ്, ഹിന്ദു സമുദായ നേതാക്കളിൽ നിന്ന് ഞങ്ങൾക്ക് ഇതിനകം അഭ്യർത്ഥനകൾ ലഭിച്ചിട്ടുണ്ട്, അവരുമായി ബന്ധപ്പെടുന്നതാണ് .

കാബൂൾ വിമാനത്താവളത്തിന്റെ പ്രവർത്തന നിലയാണ് അഫ്ഗാനിസ്ഥാനിലേക്കും തിരിച്ചും ഉള്ള യാത്ര സംബന്ധിച്ചുള്ള പ്രധാന വെല്ലുവിളി. യുഎസ് സ്റ്റേറ്റ് സെക്രട്ടറി ഉൾപ്പടെയുള്ള ഞങ്ങളുടെ ഉന്നത തല പങ്കാളികളുമായി വിദേശകാര്യമന്ത്രി ഇത് ചർച്ച ചെയ്തിട്ടുണ്ട്. കാബൂൾ വിമാനത്താവളം വാണിജ്യപരമായ പ്രവർത്തനങ്ങൾക്കായി തുറന്നുകഴിഞ്ഞാൽ എല്ലാ ഇന്ത്യൻ പൗരന്മാരെയും സുരക്ഷിതമായി തിരിച്ചെത്തിക്കാൻ ഇന്ത്യൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

ന്യൂ ഡൽഹി
ഓഗസ്റ്റ് 17, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.